# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-കെ.എസ്.ഡി6/653/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 12/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഇമെയിൽ വഴി)
2.അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ,കാസറഗോഡ്
3.കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ-കെ.എസ്.ഡി6/653/2023 തീയ്യതി: 12/10/2023

# കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുനിൽ പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-06-2023 | 26-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2023 | 26-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക് പി-ഓഡിറ്റ് ഓഫീസർ
ജയാനന്ദ എച്ച്-ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ കെ സി-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജനാർദ്ദനൻ സി-സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സൈമ സി എ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ദീപ്തി ആർ | സെക്രട്ടറി | 01-04-2022 | 05-07-2022 |
| വിജു വി ബി | സെക്രട്ടറി | 06-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ധനലക്ഷ്മി എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശരത് ടി വി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സത്യശങ്കര ഭട്ട് പി വി | മെഡിക്കൽ ഓഫീസർ സി എച്ച് സി ബദിയഡുക്ക | 01-04-2022 | 10-10-2022 |
| ഡോ.ഹരിശങ്കർ എസ് | മെഡിക്കൽ ഓഫീസർ സി എച്ച് സി ബദിയഡുക്ക | 11-10-2022 | 31-03-2023 |
| ഡോ.ദിവാകര റൈ കെ | മെഡിക്കൽ ഓഫീസർ സിഎച്ച്സി കുമ്പള | 01-04-2022 | 31-03-2023 |
| ഡോ.രേഷ്മ എ കെ | ഹോസ്പിറ്റൽ സൂപ്രണ്ട് ഹോമിയോ ആശുപത്രി | 01-04-2022 | 31-03-2023 |
| ജോയ് സി സ്റ്റീഫൻ | സൂപ്രണ്ട് ഗവ.വൃദ്ധമന്ദിരം പരവനടുക്കം | 01-04-2022 | 29-06-2022 |
| ബിജു പി | സൂപ്രണ്ട് ഗവ.വൃദ്ധമന്ദിരം പരവനടുക്കം | 30-06-2022 | 31-03-2023 |
| റസിയ കെ എം | സൂപ്രണ്ട് മഹിളാമന്ദിരം പരവനടുക്കം | 01-04-2022 | 21-12-2022 |
| ജൂഡി എ ജെ | സൂപ്രണ്ട് മഹിളാമന്ദിരം പരവനടുക്കം | 22-12-2022 | 31-03-2023 |
| ബിജി ഇ കെ | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് | 01-04-2022 | 09-12-2022 |
| ഷൈനി ഐസക് | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് | 10-12-2022 | 23-12-2022 |
| ജ്യോതി പി | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് | 24-12-2022 | 12-01-2023 |
| ജയശ്രീ കെ | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് | 13-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| റസിയ കെ എം | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് അഡീഷണൽ | 01-04-2022 | 16-12-2022 |
| ബിന്ദു കെ കെ | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് അഡീഷണൽ | 17-12-2022 | 22-12-2022 |
| ജൂഡി എ ജെ | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് അഡീഷണൽ | 23-12-2022 | 31-03-2023 |
| അനിത കെ മേനോൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ കാസറഗോഡ് | 01-04-2022 | 31-03-2023 |
| ശാലിനി കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| നജില പി കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 01-04-2022 | 10-04-2022 |
| സൂരജ് ബാബു | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 11-04-2022 | 17-06-2022 |
| നജില പി കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 18-06-2022 | 26-06-2022 |
| സൂരജ് ബാബു | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 27-06-2022 | 12-08-2022 |
| നജില പി കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 13-08-2022 | 17-10-2022 |
| ഉമേഷ എ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 18-10-2022 | 26-10-2022 |
| സിമി ചക്കരയൻ | ഇൻഡസ്ട്രീസ് | 27-10-2022 | 09-11-2022 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | | |
| ബിപിൻരാജ് ബി | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ കാസറഗോഡ് | 10-11-2022 | 31-03-2023 |
| സുനിത കെ വി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 01-04-2022 | 26-09-2022 |
| അരുൺ എസ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 27-09-2022 | 04-01-2023 |
| വാമനൻ പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 05-01-2023 | 11-01-2023 |
| സുനിത കെ വി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 12-01-2023 | 31-03-2023 |
| ജോമോൻ ടി പി | അസി.എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 01-04-2022 | 08-04-2022 |
| അനുഷ കെ | അസി.എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 09-04-2022 | 11-04-2022 |
| അനിൽകുമാർ പി വി | അസി.എഞ്ചിനീയർ ,എൽ ഐ ഡി&ഇഡബ്ല്യൂ | 12-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress-ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ഒസ്റ്റെയിൽ ചെക്ക് ഇനത്തിലെ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 13 | ഗവ: മഹിളാ മന്ദിരത്തിലേക്ക് ലാപ് ടോപ് വാങ്ങൽ | 1-9 |
| 14 | ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-10 |
| 15 | ബയോ മെടിക് സംവിധാനം - ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല. | 1-11 |
| 16 | ഇൻഫർമേഷൻ കേരളാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-12 |
| 17 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. | 1-13 |
| 18 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. | 1-14 |
| 19 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. | 1-15 |
| 20 | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ ജനറൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-16 |
| 21 | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ പട്ടികജാതി - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-17 |

| | | |
|---|---|---|
| 22 | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ പട്ടികവർഗ്ഗം - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-18 |
| 23 | പി.എം.എ.വൈ(ജി) -പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-19 |
| 24 | കളനാട് ഗവ: ഹോമിയോ ആശുപത്രിക്ക് ലാപ് ടോപ് വാങ്ങൽ | 1-20 |
| 25 | പട്ടിക ജാതി വികസന ഓഫീസിലേക്ക് ലാപ് ടോപ് വാങ്ങൽ | 1-21 |
| 26 | ബദിയഡുക്ക പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1-22 |
| 27 | ഗവ: മഹിളാ മന്ദിരത്തിൽ സിസിടിവി സ്ഥാപിക്കൽ | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 29.04.2023 ലെ 03/2023 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 05.05.2023-ാം തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
12.10.2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന

അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress-ൽ ഉൾപ്പെടുത്തിയിട്ടില്ല.

പാർട്ട് ബില്ലായി നൽകുന്ന തുകകൾ ബാലൻസ് ഷീറ്റിൽ Capital Work In Progress (B-11(a)) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു,

| ക്രമ നം. | പ്രൊജക്റ്റ് നം | തുക |
|---|---|---|
| 1 | 121/2022-23 | 3,75,683 |
| 2 | 159/2022-23 | 5,49,616 |
| 3 | 142/2022-23 | 2,50,381 |
| 4 | 102/2022-23 | 4,56,891 |
| 5 | 105/2022-23 | 2,40,202 |
| 6 | 104/2022-23 | 62,147 |
| 7 | 142/2022-23 | 13,24,161 |
| 8 | 104/2022-23 | 5,26,204 |
| 9 | 184/2022-23 | 6,38,102 |
| 10 | 186/2022-23 | 5,33,929 |
| 11 | 125/2022-23 | 10,71,470 |
| 12 | 09/2022-23 | 1,12,014 |
| 13 | 179/2022-23 | 2,37,610 |
| 14 | 185/2022-23 | 3,68,540 |
| 15 | 172/2022-23 | 5,44,077 |
| 16 | 18/2022-23 | 5,92,335 |
| 17 | 159/2022-23 | 3,96,038 |
| 18 | 158/2022-23 | 4,21,435 |
| 19 | 174/2022-23 | 4,07,345 |
| 20 | 37/2022-23 | 4,00,700 |

| | | |
|---|---|---|
| 21 | 55/2022-23 | 3,64,145 |

### 1-1-3 ഒസ്സെയിൽ ചെക്ക് ഇനത്തിലെ തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

A)31-03-2023 ലെ ബാലൻസ് ഷീറ്റിലെ Liability In Respect Of Stale Cheques എന്ന കണക്കിൽ 6,000 രൂപ 2019-20 മുതൽ ക്യാരി ഓവർ ചെയ്യുതുകയാണ്.

B) മേൽ തുകകളുടെ ചെക്ക് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

C) മേൽ തുകകൾ നാളിതുവരേയും ക്രമീകരിക്കാത്തതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

D) മേൽ തുകകളുടെ വിശദാംശം (ഏതെല്ലാം ഇനത്തിന്, ആർക്കു നൽകി, ചെക്ക് നമ്പർ, തീയതി) ലഭ്യമാക്കിയിട്ടില്ല.

### 1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 25/03/2022 തിയ്യതി.30 | 135/1തിയ്യതി23.03.2023 |
| മുന്നിരിപ്പ് | 6601352 | 3416044 |
| വരവ് | 133572427 | 326068308 |
| ആകെ | 140173779 | 329484352 |
| ചെലവ് | 136368500 | 326777959 |
| നീക്കിയിരിപ്പ് | 3805279 | 2706393 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 3,46,51,088.00 |
| വരവ് | 10,62,19,338.00 |
| ആകെ | 14,08,70,426.00 |
| ചെലവ് | 10,66,98,121.00 |
| നീക്കിയിരിപ്പ് | 3,41,72,305.00 |

1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 2022 -23)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,43,41,000 | 4,43,41,000 | 3,64,20,653 | 79,20,347 | 82.13 |
| വികസനഫണ്ട് എസ്.സി.എസ്.പി. | 0 | 1,09,72,000 | 1,09,72,000 | 95,78,201 | 13,93,799 | 87.29 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 33,25,000 | 33,25,000 | 29,55,500 | 3,69,500 | 89 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 1,00,37,000 | 1,00,37,000 | 77,30,307 | 23,06,693 | 77 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 1,29,03,839 | 1,29,03,839 | 99,78,720 | 29,25,119 | 77.33 |
| ധനകാര്യ കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(untied) | 0 | 82,90,628 | 82,90,628 | 1,14,27,011 | (-)31,36,383 | |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഇനത്തിൽ 47,02,273/- രൂപ ബാങ്ക് അക്കൗണ്ടിൽ മുന്നിരിപ്പുണ്ടായിരുന്നു. അപ്രോപ്രിയേഷൻ കൺട്രോൽ രജിസ്റ്ററിൽ ബാങ്ക് അക്കൗണ്ടിലെ മുന്നിരിപ്പ് തുക ഉൾപ്പെടുത്താൻ സാധിക്കാത്തതിനാലാണ് പ്രസ്തുത ഇനത്തിന്റെ എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് മൈനസ് തുകയായത് . ധനകാര്യക്കമ്മീഷൻ ബേസിക് ഗ്രാന്റിന്റെയും , ടൈഡ് ഗ്രാന്റിന്റെയും യഥാർത്ഥ വരവ് ചെലവ് വിവരങ്ങൾ ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,64,20,653 | 3,64,20,653 | 3,64,20,653 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 95,78,201 | 95,78,201 | 95,78,201 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 29,55,500 | 29,55,500 | 29,55,500 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 77,30,307 | 77,30,307 | 77,30,307 | 0 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ബാങ്ക് | 30,77,584 | 1,07,23,000 | 13800584 | 8877291 | 4923293 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ട്രഷറി | 0 | 2180839 | 2180839 | 2019433 | 161406 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 4702273 | 7456784 | 12159057 | 10633538 | 1525519 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 11,41,628 | 11,41,628 | 793567 | 348061 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 10,00,000 | 63,12,000 | 73,12,000 | 75,49,649 | (-)2,37,649 |
| സംയുക്ത പദ്ധതി(ജില്ലാ പഞ്ചായത്ത് ) | 0 | 4152004 | 4152004 | 4152004 | 0 |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 9453051 | 1351593 | 10804644 | 23,80,000 | 8424644 |
| തൊഴിലുറപ്പ് പദ്ധതി | 60,298 | 14,47,648 | 15,07,946 | 15,04,218 | 3728 |
| കാസറഗോഡ് സർവ്വീസ് സഹകരണ ബാങ്ക് | 100 | 0 | 100 | 0 | 100 |
| എസ്.ബി.ടി -പ്ലാൻ | 10,89,970 | 11,50,192 | 22,40,162 | 8,18,322 | 14,21,840 |
| എസ്.ബി.ടി -ടി.എസ്.സി | 77,79,858 | 1,86,11,893 | 2,63,91,751 | 1,99,39,779 | 64,51,972 |
| എസ്.ബി.ഐ- MPLADS | 0 | 22,38,526 | 22,38,526 | 2237520 | 1006 |
| കനറാ ബാങ്ക് ആരോഗ്യ ഗ്രാന്റ് | 0 | 25,94,199 | 25,94,199 | 5,00,882 | 20,93,317 |
| എസ്.ബി.ടി -ടി.എസ്.സി | 55,88,210 | 1,52,396 | 57,40,606 | 900 | 57,39,706 |
| കേരളോത്സവം/ മിസലേനിയസ് | 2,24,118 | 1,71,013 | 3,95,131 | 1,79,217 | 2,15,914 |
| PNB-Homestead | 4003 | 108 | 4111 | 0 | 4111 |
| പഞ്ചാബ് നാഷണൽ ബാങ്ക് ഐ.എ.വൈ പ്ലാൻ | 1,71,42,499 | 7,00,273 | 1,78,42,772 | 1,00,010 | 1,77,42,762 |
| പഞ്ചാബ് നാഷണൽ ബാങ്ക് സ്റ്റേറ്റ് ഷെയർ | 8,19,092 | 32,210 | 8,51,302 | 112,076 | 7,39,226 |

കുറിപ്പ്:

സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് വിഹിതം, മുന്നിരിപ്പും നീക്കിയിരിപ്പുമായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് ഉതകുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരമുള്ള തുകയാണ് പട്ടികയിൽ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 140351044 | 120 | 86135556 | 0 | 30 | 80 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 20 | 32731483 | 18 | 24620144 | 75.2 |
| 2 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 6 | 27656480 | 5 | 10457908 | 37.8 |
| 3 | അസി.എഞ്ചിനിയർ | 82 | 50401840 | 56 | 26102772 | 51.7 |
| 4 | ശിശുവികസന പദ്ധതി ഓഫീസർ കാസറഗോഡ് | 6 | 9749000 | 5 | 7671152 | 78.6 |
| 5 | അസി.ഡയറക്ടർ കൃഷി | 4 | 5048602 | 4 | 4253775 | 84.2 |
| 6 | ക്ഷീര വികസന ഓഫീസർ | 2 | 1070182 | 2 | 1070181 | 100 |
| 7 | പട്ടിക ജാതി വികസന ഓഫീസർ | 7 | 3049485 | 7 | 2204678 | 72.2 |
| 8 | ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | 1 | 13,00,000 | 1 | 1250000 | 96.1 |
| 9 | സൂപ്രണ്ട് ഗവ.വൃദ്ധ മന്ദിരം & മഹിളാ മന്ദിരം | 4 | 600000 | 4 | 468963 | 78.1 |
| 10 | മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ആശുപത്രി | 6 | 1037575 | 6 | 1017574 | 98 |
| 11 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി ബദിയഡുക്ക | 11 | 6581397 | 11 | 5893409 | 89.5 |
| 12 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1125000 | 1 | 1125000 | 100 |
| | ആകെ | 150 | 140351044 | 120 | 86135556 | 61.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 60298 | 1447648 | 1507946 | 1504218 | 3728 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2023 തീയതിയിൽ 3.00pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 27 തവണ യോഗം ചേർന്നിട്ടുണ്ട് (ഓൺലൈൻ യോഗങ്ങൾ ഉൾപ്പടെ). ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടില്ല .

ബ്ലോക്ക്പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2022-23 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗത്തിൽ ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.
അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ അക്കൌണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.
വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.
പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 ഗവ: മഹിളാ മന്ദിരത്തിലേക്ക് ലാപ് ടോപ് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥ: സൂപ്രണ്ട് ഗവ: മഹിളാമന്ദിരം
പ്രൊജക്ട്: ഗവ: മഹിളാ മന്ദിരത്തിലേക്ക് ലാപ് ടോപ് വാങ്ങൽ (പ്രോജക്റ്റ് നം.131/23)

| ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം./ചെക്ക് തിയ്യതി |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട്,റോഡിതരം | 50,000 | 48,276 | 22200163008401269662/01-03-2023 |
| ആകെ | 50,000 | 48,276 | |

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗവ: മഹിളാമന്ദിരം ഓഫീസിന്റെ സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രൊജക്റ്റ് നമ്പർ.S00131/23 പ്രകാരം മെയിന്റനൻസ് ഫണ്ടിൽ(നോൺ റോഡ്) നിന്ന് 48,276/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 17.02.2023 തിയ്യതിയിലെ TVM/ITBG/PI/RC/46198/22-23 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ഒരു ലാപ് ടോപ്പ് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് 48276/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി. (അക്കൗണ്ട് നം.799011400003959).

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനം ലാപ്പ്ടോപ്പ് ഗവ: മഹിളാ മന്ദിരം ഓഫീസിലേക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ വിതരണം ചെയ്ത ലാപ്പ്ടോപ്പിന്റെ ടാക്സ് ഇൻവോയ്സ് സ്ഥാപനം ഇതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) നിർവ്വഹണ ഉദ്യോഗസ്ഥയും കെൽട്രോണും തമ്മിൽ കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3)വാങ്ങിയ കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, പ്രിന്റർ എന്നിവയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, ഗുണനിലവാരം പരിശോധിച്ചത് എന്നിവ സംബന്ധിച്ച രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ നിർവഹണം പോലെ പ്രധാന്യമുള്ളതാണ് പ്രോജക്ട് വിലയിരുത്തൽ. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തുന്നതിന് വ്യവസ്ഥാപിതമായ മോണിറ്ററിങ്ങ് സംവിധാനം സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് മോണിറ്ററിങ്ങിന് വിധേയമായിട്ടില്ല എന്ന് പ്രോജക്ട് ഫയൽ വ്യക്തമാക്കുന്നു.

4) പർച്ചേസുമായി ബന്ധപ്പെട്ട പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന ഹാജരാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുകയായ 48276 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി നം.9/22-23 തീയതി 23-06-2023)

## 1-10 ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO180/23 |
| പ്രോജക്ടിന്റെ പേര് | ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 3,00,000/-രൂപ - വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 3,00,000/-രൂപ - വികസന ഫണ്ട് (ജനറൽ) |
| ബിൽ റഫറൻസ് നമ്പർ, തീയതി | 222001630005011193609 / 13.02.2023 |

സ.ഉ(എം.എസ്)നം.212/2006/എൽ.എസ്.ജി.ഡി തീയതി 13.09.2006 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നമ്പർ SO180/23 പ്രകാരം ജില്ലാ ആസൂത്രണ സമിതി കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3,00,000/-രൂപ ഡി.പി.സി ചെയർപേഴ്സണിന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ കാസർഗോഡ് ജില്ലാ ട്രഷറിയിൽ പരിപാലിച്ച് വരുന്ന സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ തുക നെഫ്റ്റ് മുഖേന അനുവദിച്ചിട്ടുണ്ട്.(അക്കൗണ്ട് നം.720011400000034) പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത് സംബന്ധിച്ച് 23.06.2023 ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-11 ബയോ മെടിക് സംവിധാനം - ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO192/23 |
| പ്രോജക്ടിന്റെ പേര് | കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോ മെടിക് സംവിധാനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,00,000/-രൂപ - തനത് ഫണ്ട് |

| | |
|---|---|
| ചെലവ് തുക | 26,877/-രൂപ - തനത് ഫണ്ട് |
| ചെക്ക് നമ്പർ, തീയതി | 6855354 / 25.03.2023 |

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2022-2023 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ബയോ മെട്രിക് സംവിധാനം ഏർപ്പെടുത്തൽ പദ്ധതിക്ക് (പ്രോജക്ട് നം.SO192/23) തനതു ഫണ്ടിൽ നിന്നും 1,00,000/-രൂപ വകയിരുത്തിയിരുന്നു. 13.01.2020 ലെ സർക്കാർ ഉത്തരവ് സാധാ.192/2020/പൊ/ഭ.വ പ്രകാരം ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിങ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അതിന്റെ പരിപാലനത്തിനുമായി കെൽട്രോണിനെ ചുമതലപ്പെടുത്തുകയും, 06.09.2022 ലെ KCEM/SSG/F1-4619 /2022/23/617 നമ്പർ പ്രകാരം കെൽട്രോൺ തിരുവനന്തപുരം 53,754/-രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 06.01.2023 ലെ ഗ്രാമവികസന കമ്മീഷണറുടെ 5757/ഡി.പി4 /2022/സി.ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം 2023 മാർച്ച് 31 ന മുൻപായി പഞ്ചിങ് മെഷീൻ വാങ്ങുന്നതിന് ഗ്രാമവികസന കമ്മീഷണറേറ്റ് തലത്തിൽ ഏർപ്പാട് ചെയ്യുന്നതിനും തനത് ഫണ്ടിലെ തുക ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്ടിൽ നിന്ന് നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്.

07.01.2023 ലെ ഗ്രാമവികസന കമ്മീഷണറുടെ 5757/ഡിപി4/2022/സി.ആർ.ഡി നമ്പർ പ്രകാരം സർക്കാർ അംഗീകരിച്ച റേറ്റിൽ കെൽട്രോൺ സമർപ്പിച്ച എസ്റ്റിമേറ്റ് തുകയായ 53,754/-രൂപയുടെ 50 % തുകയായ 26,877/-രൂപ ചെക്ക് നമ്പർ 6855354 തീയതി 25.03.2023 പ്രകാരം കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.10183255263) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു. കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ 31.03.2023 തീയ്യതിയിലെ ഇൻവോയ്സ് നമ്പർ 231748 പ്രകാരം ഉപകരണങ്ങൾ സപ്ലൈ ചെയ്യുകയുണ്ടായി. എന്നാൽ ഭൗതിക പരിശോധനയിൽ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്ത് സ്ഥാപനത്തിൽ പഞ്ചിങ് മെഷിൻ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതായി ബോധ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്കുവേണ്ടി വാങ്ങിയ ഉപകരണങ്ങൾ ഇൻസ്റ്റലേഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് / സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത് സംബന്ധിച്ച് 23.06.2023 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതുവരെ 26,877/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-12 ഇൻഫർമേഷൻ കേരളാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO86/23 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 68,179/-രൂപ - വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 68,179/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 22200163000500433898 / 17.08.2022 |

ഐ.കെ.എം ന്റെ പ്രവർത്തന ഫണ്ട് വിഹിതമായി മേൽ പ്രോജക്ട് പ്രകാരം ഇൻഫർമേഷൻ കേരളാ മിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 68,179/-രൂപ നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.57047023512). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത് സംബന്ധിച്ച് 23.06.2023 ന് നൽകിയ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരമുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക്

ഹാജരാക്കുന്നതുവരെ ചെലവ് തുക 68,179/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-13 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | 129/23 |
| പ്രോജക്ടിന്റെ പേര് | പാലിന് സബ്സിഡി -ബ്ലോക്ക് വിഹിതം. |
| അടങ്കൽ | 10,50,182 – വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 10,50,181- വികസന ഫണ്ട് (ജനറൽ ) |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ഡയറി മേഖലയിൽ നടപ്പിലാക്കിയ പാലിന് സബ്സിഡി എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 10,50,181/-രൂപ പിൻവലിച്ച് കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 01/12-12-2022 | 2,10,768 | ചെമ്മനാട് ഗ്രാമപഞ്ചായത്ത്. |
| 2 | 7/21-02-2023 | 79532 | |
| 3 | 4/26-12-2022 | 1,09,700 | |
| 4 | 3/26-12-2022 | 100,000 | ചെങ്കള ഗ്രാമപഞ്ചായത്ത്. |
| 5 | 6/14-02-2023 | 300,000 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| 6 | 8/27-02-2023 | 71041 | കുമ്പള ഗ്രാമ പഞ്ചായത്ത് |
| 7 | 2/12-12-2022 | 85,944 | |
| 8 | 9/01-03-2023 | 43,196 | |
| 9 | 10/02-03-2023 | 50,000 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | ആകെ | 10,50,181/- | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 24-06-2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-13) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച ധനവിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 10,50,181/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-14 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | 112/23 |
| പ്രോജക്ടിന്റെ പേര് | സ്ഥിരം കൃഷി-നെൽകൃഷിക്ക് ധനസഹായം. |
| അടങ്കൽ | 32,48,602 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 12,50,000- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് ധനസഹായം. എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 12,50,000/-രൂപ പിൻവലിച്ച് കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 104/05-11-2022 | 2,30,000 | ചെമ്മനാട് ഗ്രാമപഞ്ചായത്ത്. |
| 2 | 105/05-11-2022 | 20,000 | |
| 3 | 142/30-11-2022 | 3,75,000 | മധൂർ ഗ്രാമപഞ്ചായത്ത് |
| 4 | 168/17-12-2022 | 6,25,000 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| | ആകെ | 12,50,000 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 24.06.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-12) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച ധനവിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 12,50,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-15 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ കൃഷി |
| പ്രോജക്ട് നം. | 135/23 |
| പ്രോജക്ടിന്റെ പേര് | അംങ്കണവാടികൾക്ക് പോഷകവാടി- ഞങ്ങളും കൃഷിയിലേക്ക് (നൂതന പ്രോജക്ട്) |
| അടങ്കൽ | 500,000 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 60,000- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ അംങ്കണവാടികൾക്ക് പോഷകവാടി ഞങ്ങളും കൃഷിയിലേക്ക് (നൂതന പ്രോജക്ട്). എന്ന പദ്ധതിക്കായി താഴെപ്പറയുന്ന

ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 60,000/-രൂപ പിൻവലിച്ച് കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 388/22-03-2023 | 22,000 | മധൂർ ഗ്രാമപഞ്ചായത്ത് |
| 2 | 401/24-03-2023 | 27,000 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് |
| 3 | 390/22-03-2023 | 11,000 | ചെമ്മ്നാട് ഗ്രാമപഞ്ചായത്ത് |
| | ആകെ | 60,000 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 24-06-2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-11) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച ധനവിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 60,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ ജനറൽ - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | S0088/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ - ജനറൽ . |
| അടങ്കൽ | 88,94,886 - വികസന ഫണ്ട് (ജനറൽ) |
| ചെലവ് തുക | 88,91,078 - വികസന ഫണ്ട് (ജനറൽ ) |

കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന പദ്ധതിക്ക് ബ്ലോക്ക് വിഹിതം കൈമാറൽ (ജനറൽ) എന്ന സംയുക്ത പദ്ധതിക്കായി (പ്രൊജക്ട് നമ്പർ.S0088/23) താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി ) നിന്നും 88,91,078/-രൂപ കാസർഗോഡ് ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | അനുവദിച്ച തുക ₹ |
|---|---|---|
| 1 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 1053200 |
| 2 | കുമ്പള ഗ്രാമ പഞ്ചായത്ത് | 1170361 |
| 3 | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 1280000 |
| | ചെങ്കള ഗ്രാമ പഞ്ചായത്ത് | 3171000 |
| 4 | മധൂർ ഗ്രാമ പഞ്ചായത്ത് | 1575000 |
| 5 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 641517 |
| | ആകെ | 88,91,078 |

ഈ പദ്ധതിക്കുവേണ്ടി ചുവടെക്കാണിച്ച ഗ്രാമ പഞ്ചായത്തുകൾ തുക വിനിയോഗിച്ചതിന്റെ വിനിയോഗ

സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ.നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ബിൽ നമ്പർ, തീയതി | തുക ₹ |
|---|---|---|---|
| 1 | മധൂർ ഗ്രാമ പഞ്ചായത്ത് | 88 / 14.10.2022 | 1,00,000 |
| 2 | കുമ്പള ഗ്രാമ പഞ്ചായത്ത് | 89 / 15.10.2022 | 5,60,000 |
| 3 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 100 / 04.11.2022 | 4,70,000 |
| 4 | കുമ്പള ഗ്രാമ പഞ്ചായത്ത് | 153 / 08.12.2022 | 6,10,361 |
| 5 | മധൂർ ഗ്രാമ പഞ്ചായത്ത് | 169 / 17.12.2022 | 2,00,000 |
| 6 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 174 / 21.12.2022 | 2,21,693 |
| 7 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 189 / 03.01.2023 | 78,307 |
| 8 | മധൂർ ഗ്രാമ പഞ്ചായത്ത് | 271 / 21.02.2023 | 1,50,000 |
| 9 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 285 / 26.02.2023 | 1,60,000 |
| 10 | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 295 / 01.03.2023 | 2,40,000 |
| 11 | ബദിയടുക്ക ഗ്രാമ പഞ്ചായത്ത് | 296 / 01.03.2023 | 5,83,200 |
| 12 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 308 / 07.03.2023 | 1,00,000 |
| 13 | മധൂർ ഗ്രാമ പഞ്ചായത്ത് | 310 / 08.03.2023 | 3,60,000 |
| 14 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 333 / 13.03.2023 | 8,00,000 |
| 15 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 334 /13.03.2023 | 3,20,000 |
| 16 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 335 / 13.03.2023 | 4,80,000 |
| 17 | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 344 / 15.03.2023 | 7,00,000 |
| 18 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 343 / 15.03.2023 | 1,71,000 |
| 19 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 346 / 15.03.2023 | 1,00,000 |
| 20 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 351 / 16.03.2023 | 69,025 |
| 21 | മധൂർ ഗ്രാമ പഞ്ചായത്ത് | 367 / 18.03.2023 | 1,25,000 |
| 22 | മധൂർ ഗ്രാമ പഞ്ചായത്ത് | 358 / 17.03.2023 | 4,00,000 |
| 23 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 382 / 21.03.2023 | 25,300 |
| 24 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 386 / 21.03.2023 | 75,564 |
| 25 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 385 / 21.03.2023 | 1,60,000 |
| 26 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 384 / 21.03.2023 | 4,80,000 |
| 27 | ചെങ്കള ഗ്രാമ പഞ്ചായത്ത് | 383 / 21.03.2023 | 2,84,436 |
| 28 | മധൂർ ഗ്രാമ പഞ്ചായത്ത് | 387 / 21.03.2023 | 2,40,000 |
| 29 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 391 / 22.03.2023 | 47,192 |
| 30 | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 393 / 23.03.2023 | 3,40,000 |
| 31 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 443 / 28.03.2023 | 2,00,000 |
| 32 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് | 419 / 28.03.2023 | 40,000 |
| | | ആകെ | 88,91,078 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതു സംബന്ധിച്ച് 23.06.2023 തീയ്യതിയിൽ ഓഡിറ്റ് എൻക്വയറി (നമ്പർ-05) നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ

തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 88,91,078/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-17 ലൈഫ് ഭവന പദ്ധതി ബ്ലോക്ക് വിഹിതം കൈമാറൽ പട്ടികജാതി – ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | S0089/23 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറൽ – പട്ടികജാതി. |
| അടങ്കൽ | 49,02,967 – വികസന ഫണ്ട് (എസ്.സി.പി ) |
| ചെലവ് തുക | 49,02,967 – വികസന ഫണ്ട് (എസ്.സി.പി ) |

